
Volume 07
Issue 08
17 July, 2016
Kaithakalam III
Dt 5:6-16
Is 5:1-7
2 Cor 7:1-11 I
Jn 9:1-12,35-38




# ഞാൻ ലോകത്തിന്റെ പ്രകാശമാണ്



Rev Bro
Sinoj
Irattakkalayil

പ്രകാശത്തിന്റെ ഉത്സവം എന്നറിയപ്പെട്ടിരുന്ന കൂടാരത്തിരുന്നാൾ ജറുസലേം ദൈവാലയത്തിൽ വച്ച് "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" എന്നു പ്രഖ്യാപിച്ച യേശു ഇത് തെളിയിച്ചുകൊണ്ട് പിറവിക്കുരുടനായ യാചകന്റെ കണ്ണുകൾ തുറക്കുന്ന അത്ഭുതമാണ് ഇന്നത്തെ സുവിശേഷ ഭാഗം. രോഗവും സഹനവും ദാരിദ്രവുമൊക്കെ മനുഷ്യൻ ചെയ്യുന്ന പാപത്തിനുള്ള ശിക്ഷയാണെന്നും ആരോഗ്യവും സന്തോഷവും സമൃദ്ധിയുമൊക്കെ ദൈവത്തിന്റെ അനുഗ്രഹമാണെന്നു കരുതിയിരുന്ന ഒരു കാലഘട്ടമാണ് ഇതിന്റെ രംഗപശ്ചാത്തലം. അത്ഭുതങ്ങളെ അടയാളങ്ങളായി അവതരിപ്പിക്കുന്ന വി.യോഹന്നാൻ ശ്ലീഹാ "യേശു ലോകത്തിന്റെ പ്രകാശമാണെന്ന" സത്യത്തിലേയ്ക്കു നയിക്കുന്ന അടയാളമായിട്ടാണ് ഈ അത്ഭുതത്തെ നമ്മുക്ക് മുൻപിൽ അവതരിപ്പിക്കുന്നത്.

രോഗവും സഹനവും പാപഫലമാണെന്ന ഈ യഹൂദസത്യത്തിലൂന്നിയാണ് ശിഷ്യന്മാർ ഈശോയോട് "ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്. ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ എന്ന് ചോദിക്കുന്നത്?" "ഇവന്റെയോ ഇവന്റെ മാതാപിതാക്കൻമാരുടെയോ പാപം നിമിത്തമല്ല പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" എന്ന മറുപടിയിലൂടെ പാപശാപങ്ങളുടെ പാരമ്പര്യത്തെ ക്രിസ്തു നിഷേധിക്കുകയായിരുന്നു. മനുഷ്യനും അവന്റെ പൂർവ്വികനും തമ്മിലല്ല ഓരോ കാലഘട്ടത്തിലെയും മനുഷ്യനുമായി ദൈവം നേരിട്ടാണ് ബന്ധം പുലർത്തിയിരുന്നത് എന്ന് ക്രിസ്തു പ്രഖ്യാപിക്കുകയാണ്.

ജീവിതത്തിൽ ശാരീരികവും മാനസികവുമായി ആത്മിയവും ഭൗതികവുമായി പല കുറവുകളും വൈകല്യങ്ങളും പേറുന്നവരാണ് നാമോരോരുത്തരും. അവയെല്ലാം പാപത്തിന്റെ ദുരവസ്ഥയാണെന്ന വിശ്വാസവും വ്യാഖ്യാനവും ദൈവത്തിന്റെ സ്വഭാവത്തിന് നിരക്കാത്തതും

ജീവിതവഴികളിൽ ദൈവത്തിന്റെ ഇടപെടലുകൾക്കുള്ള അവസരം നിഷേധിക്കലുമാണ്. ജോബിന്റെ പുസ്തകം പ്രഖ്യാപിക്കുന്നതുപോലെ "അവയുടെ കാരണങ്ങൾ അജ്ഞാതവും ദൈവത്തിനു മാത്രമറിയുന്ന രഹസ്യവുമാണ്. അതുകൊണ്ട് ജീവിതത്തിലെ സഹനങ്ങളെയും കുറവുകളെയും വേദനകളെയും നോക്കി വിലപിക്കുകയോ വിധിപറയുകയോ അല്ല അവയ്ക്കു പിന്നിലെ ദൈവികപദ്ധതി തിരിച്ചറിയുകയാണ് വേണ്ടതെന്ന്" ഈശോ ഇന്ന് നമ്മെ പഠിപ്പിക്കുകയാണ്.

മെർലിൻ ക്രോതേഴ്സ് തടവറയിൽ നിന്ന് പുകഴ്ചയിലേയ്ക്ക് എന്ന തന്റെ ഗ്രന്ഥത്തിൽ ഇങ്ങനെ കുറിക്കുന്നുണ്ട് "യൂദാസിൽ കയറി യേശുവിനെ ഒറ്റിക്കൊടുക്കുവാൻ ദൈവം അനുവദിച്ചു. പത്രോസിൽ കടന്ന് തള്ളിപറയാനും സാൻഹെദ്രീനിൽ കടന്ന് വിസ്തരിച്ച് കുരിശിൽ തറയ്ക്കാനും അനുവദിച്ചു. സാത്താന്റെ പദ്ധതി മുഴുവൻ പരാജയപ്പെടുത്തുവാൻ പന്ത്രണ്ടിലധികം മാലാഖമാരെ അയയ്ക്കുവാൻ ദൈവത്തിന് കഴിയുമായിരുന്നു. ദൈവം അങ്ങനെ ചെയ്തില്ല. എന്തെന്നാൽ അവയെല്ലാം യേശുവിലൂടെ കടന്നുപോകുമ്പോൾ ശുദ്ധമായ സന്തോഷവും സ്തോത്രവുമായി മാറുമെന്ന് ദൈവം അറിഞ്ഞിരുന്നു." സുവിശേഷത്തിൽ കണ്ടുമുട്ടുന്ന അന്ധയാചകനെയും ഭൂമുഖത്തു പിറന്നപ്പോൾ തന്നെ കാഴ്ചയുള്ളവനായി ജനിപ്പിക്കുവാൻ ദൈവത്തിന് കഴിയുമായിരുന്നു. ഇപ്രകാരം നമ്മെയും നാം ഇന്നായിരിക്കുന്ന അവസ്ഥകളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും കുറവുകളിൽ നിന്നും വേദനകളിൽ നിന്നുമൊക്കെ വ്യത്യസ്തമായി സൃഷ്ടിക്കാമായിരുന്നു. എന്നാൽ തന്റെ പുത്രനിലൂടെ കൃപയുടെ ആഴമറിയ്ക്കാനും ദൈവമഹത്വം വെളിപ്പെടുത്തുവാനും അവസരമുണ്ടാകണമെന്നുള്ള വലിയ ദൈവിക പദ്ധതിയുടെ ഭാഗമാണെന്ന് ഇന്നത്തെ നമ്മുടെ ജീവിതം.

അതെ സ്നേഹമുള്ളവരേ, നമ്മുക്കൊക്കെ ദൈവത്തിലേക്ക് കൂടുതൽ അടുക്കുവാനുള്ള, ദൈവത്തിന് നമ്മുടെ ജീവിതങ്ങലിലേയ്ക്ക് കൂടുതൽ അടുക്കുവാനുള്ള രക്ഷാകരമായ വാതിലുകളാണ് ഇന്നത്തെ നമ്മുടെ ജീവിതവും ജീവിതാവസ്ഥകളും ജീവിതസാഹചര്യങ്ങളും.

ഈ ദൈവികപദ്ധതിയുടെ മനോഹരിതയല്ലേ പ്രിയപ്പെട്ടവരെ ജന്മനാ അന്ധനായവന് ഈശോയെ കാണാൻ കഴിയാതിരുന്നിട്ടും തന്നെ സുഖപ്പെടുത്തണമേയെന്ന യാചന ഉയർത്താതിരുന്നിട്ടും ഈശോ അവനെ കണ്ടു എന്ന വചനം സാക്ഷ്യപ്പെടുത്തുന്നത്.? സഹനങ്ങളിലും വേദനകളിലും ആകുലതകളിലുംപെട്ട് മനുഷ്യൻ ദൈവത്തെ കാണാതിരിക്കുമ്പോഴും ദൈവത്തെ തള്ളിപ്പറയുമ്പോഴും ദൈവം മനുഷ്യനെ കാണാന്നുണ്ടെന്ന വലിയ സത്യമല്ലേയിത്. ഇതുതന്നെയല്ലേ വിശുദ്ധ പത്രോസ് ശ്ലീഹായുടെ ഒന്നാം ലേഖനം 5-ാം അദ്ധ്യായം 6-ാം വാക്യം പറഞ്ഞുവയ്ക്കുന്നതും. "ദൈവത്തിന്റെ ശക്തമായ കരത്തിൽ കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്ക സമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠതകളെല്ലാം അവിടുത്തെ ഏൽപ്പിക്കുവിൻ അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്" ജീവിതത്തെ ഈയൊരു ഉറപ്പോടെയും

വിശ്വാസത്തോടെയും നോക്കിക്കാണുവാൻ നമ്മുക്കോരോരുത്തർക്കും സാധിക്കട്ടെ. ഇത് സാധിക്കാതിരിക്കുന്നതാണ് യഥാർത്ഥത്തിലുള്ള അന്ധത, ദൈവവിശ്വാസത്തിലും ആ വിശ്വാസം തരുന്ന പ്രത്യാശയിലും ജീവിതത്തെ നോക്കിക്കാണാൻ സാധിക്കാതിരിക്കുന്നതാണ്. ആന്തരികമായി സംഭവിച്ചേക്കാവുന്ന ഈ ആത്മിയ അന്ധതയെക്കുറിച്ച് ഇന്നത്തെ തിരുവചനം നമ്മെ പഠിപ്പിക്കുന്നുണ്ട്..

തന്റെ അന്ധത ദൈവപുത്രനായ ക്രിസ്തുവിന് തന്റെ ജീവിതത്തിലേയ്ക്കുള്ള വാതിലാണെന്ന് തിരിച്ചറിഞ്ഞ് ആ ദൈവഹിതത്തോട് വിശ്വാസത്തോടെ പ്രതികരിച്ച അന്ധയാചകൻ യഥാർത്ഥ കാഴ്ചയിലേയ്ക്ക് കടന്നുവരുമ്പോൾ ദൈവപുത്രനായ ക്രിസ്തുവിനെ തിരിച്ചറിയാനും അവനിൽ വിശ്വസിക്കാനും ദൈവമനുവദിച്ച ആ അവസരവും പാഴാക്കി ആത്മീയ അന്ധതയിലേയ്ക്ക് കൂപ്പുകുത്തുകയാണ് യഹൂദപ്രമാണികൾ. തീർത്തും വേദനാജനകമായ തന്റെ ജീവിതാവസ്ഥയെപോലും ദൈവത്തിന്റെ ഇടപെടലിനായുള്ള വേദിയായി കണ്ട് വിശ്വസിച്ച് പ്ര വർത്തിച്ച അന്ധയാചകൻ ക്രിസ്തുവാകുന്ന പ്രകാശത്തിലേയ്ക്കുള്ള നമ്മുടെ യാത്രയിൽ മാതൃകയാകണം.

നമ്മുക്കൊക്കെ എത്രയോ സങ്കടങ്ങലും സഹനങ്ങളുമുണ്ട്. ഒരിക്കലും വീട്ടാൻ പറ്റില്ല എന്നു വിചാരിക്കുന്ന കടങ്ങളുടെ കടലായിരിക്കും ചിലർ. എന്നും അസമാധാനമാണല്ലോ എന്റെ വീട്ടിൽ എന്നു വിചാരിക്കുന്നവരുമുണ്ട്. എന്റെ മക്കൾ വിദ്യാഭ്യാസത്തിൽ പിന്നോക്കമാണല്ലോ എന്നു പരിതപിക്കുന്ന മാതാപിതാക്കൾ ഏറെയുണ്ട്. എന്റെ അപ്പൻ എന്നും മദ്യപിക്കുമെന്ന് വിലപ ിക്കുന്ന മക്കളും ഹൃദയം തകർന്ന് ജീവിക്കുന്ന ഭാര്യമാരുമുണ്ട്. എന്നും രോഗവും കഷ്ടപാടും തന്നെയാണല്ലോ എന്ന് പറഞ്ഞ് കണ്ണീരൊഴുക്കുന്നവരുമുണ്ട്.

ഇവയൊക്കെയും ദൈവത്തിന് നമ്മുടെ ജീവിതത്തിലേയ്ക്കുള്ള വാതിലുകളാണ്. ക്രിസ്താനുകരണം പറയുന്നതുപോലെ നമ്മിലുള്ള ദൈവസ്നേഹത്തിന്റെ മാറ്റ് ഉരച്ചുനോക്കാനും പവിത്രമാക്കാനും ദൈവമൊരുക്കുന്ന ദൈവാനുഗ്രഹത്തിന്റെ വഴികളാണവയൊക്കെയും. ഈ വാതിലുകളിലൂടെയാണ് നാം ദൈവത്തിലേക്കും ദൈവം നമ്മിലേയ്ക്കും പ്രവേശിക്കുന്നത്. വിശ്വാസത്തിന്റെ ഈ ഉൾക്കാഴ്ചയിലൂടെ ജീവിതത്തെ നോക്കികാണാൻ സാധിക്കുന്നതാണ് യഥാർത്ഥ കാഴ്ച. ഈ കാഴ്ചയിലേയ്ക്കു വളരാൻ നാമൊക്കെ പ്രകാശമായ ഈശോയിലേയ്ക്കു അനുദിനം വളരേണ്ടതുണ്ട്. അതിനായി വ്യക്തികളിലൂടെയും സാഹചര്യങ്ങളിലൂടെയും സഭയിലൂടെയും നന്മയിലേയ്ക്ക് എത്തുന്ന ദൈവനിയോഗങ്ങൾക്ക് ആമ്മേൻ പറയേണ്ടതുമുണ്ട്.

ക്രിസ്തുവാകുന്ന ഈ പ്രകാശത്തെ നമ്മുക്ക് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. കാരണം ജീവിതത്തിൽ ശരിയും തെറ്റും നന്മയും തിന്മയും നീതിയും അനീതിയുമൊക്കെ വേർതിരിച്ചുകാണാൻ ഈ പ്രകാശത്തിലേ നമ്മുക്ക് സാധിക്കു. മനുഷ്യബന്ധങ്ങളെ വിശുദ്ധമായി കാണാനും നവ ജിഷമാരെയും അശ്വതിമാരെയും സൃഷ്ടിക്കാതിരിക്കാനും നമ്മുക്ക് ഈ പ്രകാശം തന്നെ കൂട്ടുവേണം. ഇന്ന് നമ്മുക്കുള്ള ജീവിതവും ജീവിതസാഹചര്യങ്ങളും നമ്മുക്കായുള്ള ദൈവിക പദ്ധതിയുടെ ഭാഗമാണെന്ന് തിരിച്ചറിയാനും ഈ പ്രകാശം തന്നെയാണ് നമ്മുടെ ആ ശ്രയം. അതുതന്നെയാണ് യഥാർത്ഥ കാഴ്ചയും. അതുകൊണ്ട് നമ്മുക്ക് പ്രാർത്ഥിക്കാം. പ്ര കാശമായ ഈശോയെ ഞങ്ങളുടെ ജീവിതങ്ങളിലേയ്ക്ക് കടന്നുവരേണമേ.